# മതേതര കവിതകൾ

ശ്രീനിപട്ടത്താനം

RWP

# മതേതര
# കവിതകൾ

# മതേതര
# കവിതകൾ

ശ്രീനിപട്ടത്താനം

Malayalam Language
**MATHETHARA KAVITHAKAL**
(Poems)

by
**Sreeni Pattathanam**
Published by
Rationalist Writers Publications
Pattathanam P.O., Kollam - 691 021
Mob: 9446526088
Second Edition - January, 2023
Printed at Akshara Printers, Thiruvananthapuram
DTP & Cover design by
Paul Ambrose
Copyright: Author

Disclaimer
Any part of this publication may be reproduced, stored in or introduced into a retrieval system, or transmitted in any form, or by any means, electronic, mechanical, photocopying, recording or otherwise with the prior written permission of the publisher only

**Price: ₹ 150/-**
IRP. 10/2022



<u>ശ്രീനിപട്ടത്താനം</u>

കേരളത്തിലെ കൊല്ലം ജില്ലയിൽ പട്ടത്താനം സ്വദേശം. 1981 മുതൽ 1986 വരെ രണരേഖ എന്ന മാസിക നടത്തി. 1985 മുതൽ 1996 വരെ ഇന്ത്യൻ യുക്തിവാദി സംഘത്തിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി. 1997 ൽ ഭാരതീയ യുക്തിവാദി സംഘം രൂപീകരിക്കുകയും യുക്തി രാജ്യം സ്വതന്ത്രചിന്താ മാസിക ആരംഭിക്കുകയും 2022 വരെ നടത്തുകയും ചെയ്തു. 2006 മുതൽ 2012 വരെ റാഷണലിസ്റ്റ് അസ്സോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ വൈസ് പ്രസിഡന്റ്.

2018 മുതൽ റാഷണലിസ്റ്റ് അസ്സോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ വൈസ് ചെയർമാൻ. 2014 ൽ ഹൈദ്രാബാദ് മാനവവികാസ വേദികയുടെ ഡോ.ഇന്നയ്യാസ് നാഷണൽ ഹ്യൂമനിസ്റ്റ് അവാർഡ് ലഭിച്ചു. 2004 ൽ മനുഷ്യദൈവത്തിനെതിരായി ഗ്രന്ഥരചന നടത്തിയതിന് മതനിന്ദാകുറ്റം ചുമത്തി ആന്റണി സർക്കാർ പ്രോസിക്യൂട്ട് ചെയ്യാൻ ഉത്തരവ് നല്കി.

**പ്രധാനകൃതികൾ :** കേരളത്തിലെ മനുഷ്യദൈവങ്ങൾ, അമൃതാനന്ദമയി ദിവ്യകഥകളും യാഥാർത്ഥ്യവും, സ്വതന്ത്ര ചിന്തയുടെ തീരങ്ങളിൽ (കഥകൾ), മതേതര കവിതകൾ, കേരളത്തിലെ ദിവ്യാത്ഭുത രഹസ്യങ്ങൾ, എന്റെ ഓർമ്മയിലെ നക്ഷത്രങ്ങൾ, ശബരിമല പുരാണകഥകളും ചരിത്രവും, യുക്തിവാദ സമീപനം എന്നിവ പ്രധാനകൃതികൾ.

<u>വിലാസം</u>
ശ്രീനിപട്ടത്താനം,
യുക്തിരാജ്യം, പട്ടത്താനം പി.ഒ., കൊല്ലം-691021

# അവതരണം

1970 മുതൽ ഞാനൊരു നോട്ട് ബുക്കിൽ കുറിച്ചിട്ടിരുന്ന കവിതകളിൽ നിന്നും തെരഞ്ഞെടുത്ത ഒരേ സ്വഭാവമുള്ള ഏതാനും കവിതകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അതിൽ ഏതാനും കവിതകൾ ചില ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈ കവിതകളെല്ലാംതന്നെ അംഗീകൃതമായ നിയമങ്ങൾ ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതല്ല. ചില കവിതകൾ പുതിയ താളത്തിലും സങ്കല്പത്തിലും രചിച്ചിട്ടുള്ളതാണ്.

കഴിഞ്ഞ കാൽശതാബ്ദത്തിലേറെക്കാലം ഈ സമൂഹത്തിൽ ഞാൻ കണ്ട ചില കാഴ്ചകളോടുള്ള പ്രതികരണമാണ് ഈ കവിതകൾ. ഒരിക്കൽ തിരുവനന്തപുരം ചാല കമ്പോളം കത്തിയെരിയുമ്പോൾ ഞാൻ കാഴ്ചയുടെ നേർ സാക്ഷിയായി അവിടെയുണ്ടായിരുന്നു. ആ സംഭവം എന്നിലുണർത്തിയ വികാരങ്ങളാണു 'പാത്തുമ്മയുടെ വിലാപം' എന്ന കവിത.

ശ്രീനാരായണ ഗുരുവിന്റെ ധർമ്മം മാനവ ധർമ്മമാണ്. ഇതിനെതിരായുള്ള എസ്.എൻ.ഡി.പി.യോഗത്തിന്റെ പ്രവർത്തനങ്ങളോട് വിയോജിക്കുന്നതാണ് 'ഗുരുനൊമ്പരം' എന്ന കവിത. ജ്യോതിഷവും ജാതകവും തട്ടിപ്പാണെന്ന് തെളിയിക്കുന്നതാണ് 'കോന്നൻ' എന്ന കവിത. 'ഇലാസ്റ്റിക്' എന്ന കവിതകളിൽ ശക്തമായ സന്ദേശങ്ങളുണ്ട്. ഒരു വരി കവിതയിലും രണ്ടു വരി കവിതയിലും വലിയ ആശയ പ്രപഞ്ചമുണ്ട്. എത്ര വലിച്ചാലും ആ കവിതകളുടെ ആശയങ്ങൾ അവസാനിക്കുന്നില്ല. ആ കവിതകൾ അനന്തമായി വളർന്നുകൊണ്ടേയിരിക്കും. അതുകൊണ്ടാണ് ആ കവിതകൾക്ക് ഇലാസ്റ്റിക് കവിതകൾ എന്ന പേര് കൊടുത്തത്.

ഓരോ കവിത രചിക്കുമ്പോഴും മനസ്സിൽ ഒരു ദാർശനിക സമീപനമുണ്ട്. ആ സമീപനത്തിന്റെ സൃഷ്ടിയാണ് ഓരോ കവിതയും. ഈ രചന അറിയാതെ സംഭവിച്ചതല്ല. അറിഞ്ഞുകൊണ്ട് സംഭവിച്ചതാണ്. നിലവിൽ നമ്മുടെ സമൂഹത്തെ ബാധിച്ചിരിക്കുന്ന സാംക്രമിക രോഗങ്ങളാണ് ജാതി സമ്പ്രദായവും മതവിശ്വാസങ്ങളും മറ്റും. ഇതിൽ നിന്നും മനുഷ്യനെ പുറത്തു കൊണ്ടുവരാനുള്ള ഒരു ശ്രമം മാത്രമാണ് ഈ രചനയുടെ പിന്നിലുള്ളത്.

ജീവൽ സാഹിത്യത്തിനും അത്യന്താധുനികതയ്ക്കും ഉത്തരാധുനികതയ്ക്കും അപ്പുറമുള്ള മതനിരപേക്ഷമായ മാനവികതയാണ് ഈ കവിതകളുടെ ഉൾക്കരുത്ത്.

ശാസ്ത്രീയവും മാനവികവുമായി ചിന്തിക്കുന്ന ഒരു പരിഷ്കൃത ലോകത്തിൽ ഒരിക്കലും സ്വീകാര്യമല്ല ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ള പഴഞ്ചൻ വിശ്വാസ ധാരയെന്ന് ഈ കവിതവിളംബരം ചെയ്യുന്നു. ഭൗതികമാണ് ഭാരതത്തിന്റെ ശ്രേഷ്ഠമായ പാരമ്പര്യം എന്ന് ഈ കവിതകൾ വെളിപ്പെടുത്തുന്നു.

മലയാളികളിൽ ഭൂരിഭാഗം പേരും കവിത വായിക്കുന്നവരല്ല. എന്നാൽ ഒരു വിഭാഗം കവിത ഗൗരവമായി വായിക്കുന്നവരാണ്. ഇതിലും രണ്ട് വിഭാഗമുണ്ട്. മതാത്മകമായ വായനക്കാരും മതനിരപേക്ഷമായ വായനക്കാരും. മതനിരപേക്ഷകരുടെ ചിന്തയിൽ വീണ്ടും അഗ്നിയുടെ സ്ഫുലിംഗങ്ങൾ വർഷിക്കുകയെന്നതാണ് മതേതര കവിതകളുടെ ലക്ഷ്യം.

അതിനായി അവരുടെ ശ്രദ്ധയിലേയ്ക്ക് ഈ കവിതകൾ അവതരിപ്പിക്കുന്നു.

**ശ്രീനിപട്ടത്താനം**

# പ്രസാധക കുറിപ്പ്

മതേതര കവിതകളുടെ രണ്ടാം പതിപ്പ് ഞങ്ങൾ പ്രസിദ്ധീകരിക്കുകയാണ്. ഒന്നാം പതിപ്പ് 2013 ൽ ഇന്ത്യൻ റാഷണലിസ്റ്റ് പബ്ലിക്കേഷൻസ് ആണ് പ്രസിദ്ധീകരിച്ചത്. അന്ന് ആ പുസ്തകം പ്രകാശനം ചെയ്തത് പ്രശസ്ത സാഹിത്യകാരൻ സക്കറിയ ആയിരുന്നു.

മലയാള കവിതയിൽ അനവധി ശാഖകളുണ്ടായിട്ടുണ്ട്. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു ശാഖയായിട്ടാണ് മതേതര കവിതകൾ പുറത്തിറങ്ങിയത് മതത്തിനെതിരായ പോരാട്ടത്തിന്റെ ഭാഗമായിട്ടായിരുന്നു അത്. തികച്ചും മതേതര സ്വഭാവമുള്ള ഒരു കൂട്ടം കവിതകളായിരുന്നു. ഇത് മലയാള കാവ്യരചനാ സങ്കല്പത്തിൽ പുതിയ സംഭവമായിരുന്നു.

ഇപ്പോൾ രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കുന്നത് യുക്തിവാദ എഴുത്തുകാരുടെ സംഘടനയായ റാഷണൽ റൈറ്റേഴ്സ് പബ്ലിക്കേഷൻസാണ്. ഈ സമാഹാരത്തിൽ ഒന്നാം പതിപ്പിൽ നിന്നും വ്യത്യസ്തമായി കുറെ പുതിയ കവിതകൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അതു വായനക്കാർക്ക് കൂടുതൽ ഉണർവ്വും ആസ്വാദനവും പകരുമെന്ന് വിചാരിക്കുന്നു.

ഈ കവിതാസമാഹാരം മതേതര കവിതാസ്വാദകർക്കായി സമ്മാനിക്കുന്നു.

കൊല്ലം
2023 ജനുവരി

പ്രസാധകർ
റാഷണൽ റൈറ്റേഴ്സ് പബ്ലിക്കേഷൻസ്

## ഉള്ളടക്കം

1. ഗുരു നൊമ്പരം
2. പാത്തുമ്മയുടെ വിലാപം
3. യുക്തിരാജ്യം
4. വൃത്തമനം
5. യേശുവിന്റെ പിതാവ്?
6. ആര് സൃഷ്ടിച്ചു
7. പെറ്റമ്മ ചൊല്ലുന്നു
8. ജാതകം
9. കുരുതി
10. കേരളം
11. ദൈവം
12. ഇത്
13. ഗീതപുനഃസാരം
14. കുണ്ഡലനി
15. നാരായണി ചൊല്ലി
16. ശ്യാമനും ദേവനും
17. നാറാണത്തു ഭ്രാന്തൻ
18. ആര് രക്ഷിക്കും
19. കോവിഡ്
20. പ്രണയം
21. മേൽക്കുര
22. വൃദ്ധനിറം
23. ജീവിതം
24. സങ്കടപ്പക്ഷി
25. ഞാൻ
26. ഇന്നെവിടെ

27. മിസ്റ്റർ എലി
28. ആനയും മോട്ടോറും
29. മുഖം
30. രാമൻ
31. ഇങ്കൊല്ലൂ
32. എത്രദൂരം?
33. ശൂന്യം
34. എറുമ്പിൻ കൂട്ടം
35. മനസ്സ്
36. ശ്യാമൻ
37. മാറ്റം
38. വിത്ത്
39 മരണം
40. ഇലാസ്റ്റിക് കവിതകൾ
41. കടംകഥക്കവിതകൾ

# ഗുരു നൊമ്പരം

നാരായണഗുരു ചൊല്ലുന്നു
കാളിയും കൂളിയും ശിവനും വിഷ്ണുവും
നീയാണെന്ന് പഠിപ്പിച്ചിട്ടും
അവരെപ്പൂജിക്കുന്നത് പോട്ടെ
ആ സ്ഥാനത്ത് എന്നെ ഇരുത്തി-
പ്പൂജിക്കുന്നോ
ഈഴവരെ
അനുയായികളെ

നാരായണഗുരു ചൊല്ലുന്നു
കാളിക്കുപകരം
കണ്ണാടിയോതിയ
ക്ഷേത്രങ്ങൾക്കു പകരം
വിദ്യാലയമോതിയ
പ്രതിമക്കുപകരം
പുതുകായ് വിടരും
പുന്നമരമോതിയ
യെന്നെ നിഷേധിക്കും
ഈഴവരെ
എന്നെ പ്രതിഷ്ഠിക്കും
നീചത്വം നിർത്തൂ.
പകരം എൻവഴികൾ
പ്രാവർത്തികമാക്കൂ.

നാരായണഗുരു ചൊല്ലുന്നു
ജാതിമതത്തിന്നതീതം
മാനവകുലം
ഒറ്റജാതിയെന്നോതിയ
എന്നെ, വെറും ഈഴവനാക്കി മാറ്റുന്ന
ഈഴവരെ
എന്നെ എസ്.എൻ.ഡി.പി.യാക്കുന്ന
പ്രാകൃതത്വം നിർത്തൂ
പഠനം തുടരൂ.

നാരായണഗുരു ചൊല്ലുന്നു
ഈശ്വരനെ നിഷേധിച്ച്
മാനവനെ സ്വീകരിച്ച
എന്നെ ഗുരുദേവനാക്കിയ
ഈഴവരെ
എന്നെ ദൈവമാക്കുന്നത്
നിർത്തു
എന്നെ പ്രതിഷ്ഠിക്കും
വിഡ്ഢിത്വം നിർത്തു.
പഠനം തുടരൂ.

നാരായണഗുരു ചൊല്ലുന്നു
പുളികുടിയും
പുലകുളിയും
താലികെട്ടും ഇരുപത്തെട്ടുകെട്ടും
നരനനാചാരമെന്നോതിയിട്ടും
ഇപ്പോഴുമതെല്ലാം
ആവർത്തിക്കുന്ന
ഈഴവരെ നിങ്ങൾക്കെന്തുപറ്റി!

നാരായണഗുരു ചൊല്ലുന്നു
വിഗ്രഹം കണ്ണ് തുറപ്പിക്കില്ല
കണ്ണാടി കണ്ണ് തുറപ്പിക്കും.
മതമെന്ന വിശ്വാസം
മാനവന് വിപത്ത്.
ജാതിയെന്ന ബോധം
മാനവന് നാശം

നാരായണഗുരു ചൊല്ലുന്നു
യുക്തിചിന്തയും ശാസ്ത്രവും
അതാണത്രേ എന്റെ വഴി
വഞ്ചിക്കരുതേ
ഈഴവരെ
എന്നെ കൊല്ലിക്കരുതേ
ഈഴവരെ
നാരായണഗുരു ചൊല്ലുന്നു
നാരായണഗുരു ചൊല്ലുന്നു

(2000)

# പാത്തുമ്മയുടെ വിലാപം

അന്തിയിൽ
ചന്തയിൽ പോയി വരികവേ,
ചന്തതൻ പിന്നിലെ-
ച്ചേലമരത്തിന്റെ
ചോലയിൽവെച്ചെന്റെ
നീലമുടിച്ചുരുൾ-
ത്തുമ്പിലണിഞ്ഞൊരുപൂവ്.....
എൻ കരളിന്റെ കര-
ളായ കിഷ്ണൻ
നുള്ളിയെടുത്തിട്ടോർക്കാപ്പുറത്തൊരു
ചുംബനം ചുണ്ടിൽത്തരുന്നത്
കണ്ടിട്ടെൻബാപ്പ,
വെട്ടോത്തി കയ്യിൽപ്പിടിച്ചു
വിറയ്ക്കുന്ന
കാണ്ടാമൃഗത്തിന്റെ മുഖമുള്ള ബാപ്പാ
കൊലവിളിപോലെയലറീ....
'നായരെമോനെ, നായിന്റെ മോനെ
ന്ന്റ്മ്മേടെ..., യിന്ന് ന്ന്നെ
കൊന്നുകുയിച്ചീടും ഞമ്മള്
കൊന്നു കുയിച്ചിടും.
മേത്തച്ചിയെത്തൊട്ടാലേതവന്റെയും
കയ്ത്ത് ഞമ്മള് വെട്ടും"

കിഷ്ണന്റെ പിന്നാലെ ബെട്ടോത്തിയുമായി
പാത്തുമ്മ ബാപ്പയങ്ങോടി.
ഓടിപ്പരിചയമുള്ളെന്റെ കിഷ്ണൻ
നാലു കയ്യാലയും നാല്പതുവേലിയും
ഒന്നിച്ചുചാടിയങ്ങോടി
കിഷ്ണനെക്കിട്ടാത്ത കലിയാൽ വിറച്ചിട്ട്
വന്നവഴീക്കണ്ട
ആൽത്തറമ്മൂട്ടിലെ
കിഷ്ണന്റെ തലയങ്ങുവെട്ടി.
കിഷ്ണന്റെ തലയുമായ്
കാളിയെപ്പോലെ, ഹാ
പാത്തുമ്മ ബാപ്പനിന്നലറി....
ഏതൊരു മേത്തച്ചി-
പ്പെണ്ണിനെത്തൊട്ടാലും
ഏതവനായാലും പന്നീന്റെ മക്കളെ
ഞമ്മളവന്റെ കയ്ത്തരിഞ്ഞീടും.
വഴിവക്കിലിതു കണ്ട
കിഷ്ണന്റെയച്ചനും
കിഷ്ണന്റെ മാമനും ചിറ്റപ്പനും
പിന്നെയണ്ണനും
ബാപ്പാന്റെ പിന്നാലെയോടി.
ഇരുവരുമോടിയോടിത്തളരവേ
വഴിയിലെയരുകിലെ കുഴിയിൽ
പെരുവിരൽത്തട്ടിമറിഞ്ഞങ്ങു വീഴവേ
കിഷ്ണന്റെയച്ചൻ
ബാപ്പാന്റെ കയ്യീന്നു
ബെട്ടോത്തി ബാങ്ങി
ബാപ്പാന്റെ കയ്ത്തീല് ബെട്ടി.
കയീത്തീന്നു ബീണൊരാ-
രക്തക്കളത്തിൽ
ബാപ്പാകിടന്നു പിടച്ചുമരിച്ചു.

എന്നിട്ടരിശം തീരാതെ കിഷ്ണന്റെ-
യച്ചനും കൂട്ടരു-
മെന്നും വെളുപ്പിന് ബാങ്കു വിളിക്കുന്ന
ബാപ്പാന്റെ പള്ളിക്കു തീവെച്ചു.
ഇന്ദൂനെത്തൊട്ടാലിതാണെടാമേത്ത-
ക്കഴുവേറിമക്കളെ പൊലയാടിമക്കളെ-
യെന്ന് കിഷ്ണന്റെയച്ചനുച്ചത്തിൽ
കൂവി വിളിച്ചങ്ങ് ചൊല്ലി.
പിന്നൊട്ടും താമസിയാതെ
ചെറുപുഴ വൻപുഴയായപോലെ
ഇരുമതക്കാരും സാഗരമായങ്ങുമാറി
ആരവമായി നിലവിളിയായി
ആബാലവൃദ്ധം പടക്കൊരുങ്ങി.
ആ താളമേളക്കൊഴുപ്പിനുള്ളിൽ
കല്ലുകൾ ചില്ലുകൾ വർഷമായി
കല്ലുകൾ തീരവേ
ചില്ലുകൾ തീരവേ
രക്തച്ചൊരിച്ചിൽത്തുടങ്ങവേ
ഇരുവരും ഏറ്റങ്ങുമുട്ടി
കത്തികൾ തമ്മിൽക്കൊരുത്തു
അങ്കക്കളരി ജ്വലിച്ചു
തലപത്തു തറയിൽ വീണു
കൈകാലു നൂറങ്ങ് വീണു
ചെവിചുണ്ടൊരായിരമായി
കണ്ണില്ലാ പലരങ്ങുപോയി
മാരനെത്താങ്ങാൻ പുറപ്പെട്ട
നാരിതൻ മാറും തെറിച്ചങ്ങുപോയി.
അങ്കക്കളരി ജ്വലിച്ചങ്ങുനിൽക്കെ
നാടാകെത്തീമഴ പെയ്തു
വീടായവീടൊക്കെക്കത്തി
കമ്പോളമാകെക്കരിഞ്ഞു

കായലും കത്താൻ തുടങ്ങി.
പട്ടിയും ചത്തു പശുവും ചത്തു
കോഴിയും ചത്തു കോലാടും ചത്തു
ബാപ്പയും പോയി
കൊച്ചാപ്പയും പോയി
കിഷ്ണന്റെയച്ഛനും പോയി
കിഷ്ണന്റെ മാമനും പോയി
ചിറ്റപ്പനും പോയി
ചേച്ചിയും പോയി
എല്ലാരും ചത്തങ്ങുപോയി
അവസാനമവസാനം
പാതിരാനേരത്ത്
പോലീസുമോടിയിങ്ങെത്തി
എൻ പ്രാണനായെന്റെ
കരളിന്റെ കരളായ
കിഷ്ണനുമന്നേരമെത്തി.
എന്നെത്തിരഞ്ഞുതിരഞ്ഞങ്ങന്ത്യം
എന്റെചാരെയവനെത്തി
എന്നെപ്പുണരാ-
നെന്നെത്തലോടാ-
നെന്നിലേക്കോടിയണയേ
ആരവം മാറാൻ
ആളുകൾ മാറാൻ
പോലീസ് വെടിചറാ വെച്ചു
പലവെടി കിഷ്ണന്റെ ചങ്കിൽ പതിച്ചു
ചോരക്കളത്തിൽ പതിച്ചു
എൻ കിഷനെക്കൊന്നതാര്
എൻ ബാല്യമിത്രത്തെക്കൊന്നതാര്
എൻ ജീവന്റെ ജീവനെക്കൊന്നതാര്
ബാപ്പയാണോ
കിഷ്ണന്റച്ഛനാണോ?

പോലീസുകാരാണോ?
അല്ലല്ലയല്ലല്ലയല്ലല്ല
മതമാണ്
മതമാണ്
മതമെന്ന വിഷമാണ്.
അതിനാൽ കിഷ്ണന്റെ ചോരയിൽ
നിന്നു ഞാൻ വെട്ടിത്തുറന്നു
പറഞ്ഞിടുന്നു
കിഷ്ണനും വേണ്ട
നബിയും വേണ്ട
ക്രിസ്തുവും വേണ്ടൊരു
മതവും വേണ്ട
ജാതിയും വേണ്ടുപ-
ജാതിയും വേണ്ട
മാനവനെന്നൊരു
സംഘം മതി.
മാനവനെന്നൊരു
സംഘം മതി....

# യുക്തിരാജ്യം

യുക്തീ
നീ
അമ്മയാണ്
ഭൂമിയാണ്
ആകാശമാണ്
അനന്തമാണ്.
അനന്തത തന്നപൂർണ്ണ
സൗന്ദര്യം തിരയും
തിരിനാളമാം
സൗന്ദര്യമാണ്.

യുക്തീ
നീ
നടനമാണ്
സ്വരമാണ്
ഗീതമാണ്
ഉദിക്കും സൂര്യനാളത്തിലും
സൂര്യജാലത്തിലും
തുടിക്കും താളമാണ്
താളത്തിൽ കാവ്യമാണ്.

യുക്തീ
നീ
മണ്ണാണ്
മഞ്ഞാണ്
സൃഷ്ടിയാണ്.
പഴമതന്നന്ത്യരതി-
യിൽ ജനിക്കും പുതുമയാം
ഭ്രൂണമാണ്.

യുക്തീ
നീ
ചിന്തയാണ്
വിജ്ഞാനമാണ്
സത്യമാണ്
ശക്തിയാണ്.
പൊള്ളും അജ്ഞതതൻ
ചുടുപച്ച വെള്ളങ്ങളിൽ
മുഖമമർത്തി
മുക്കിക്കൊല്ലും
മതജ്വാലഹൃദയ
സഹസ്രദള പത്മങ്ങളിൽ
ഉണരും പ്രണവം
തകർത്തോരാ-
ലക്തിക
ശക്തിയാണ്.

യുക്തി
നീ
ചങ്ങലയല്ല
സംഘമാണ്
സമരമാണ്
സ്വാതന്ത്ര്യമാണ്.

സർവ്വചരാചരാധിതൻ
അടിമത്തച്ചങ്ങല
പൊട്ടിച്ചെറിയും
ഉരത്ത കരങ്ങളാണ്
വിമോചനമാണ്.

യുക്തീ
നീ
വെറും വാക്കല്ല
ദിക്കാണ്
സ്ഥലമാണ്
കാലമാണ്
മരമാണ്
മരത്തിൽ വിരിയും ഗന്ധമാണ്
ഗന്ധത്തിലുണരും ഗുണമാണ്
മേനിയിൽ വിരിയും ജ്വാലയാണ്
ജ്വാലകൾചേരും
മഹാഗ്നിയാണ്
നാടിൻമുഖം
മാറ്റിക്കുറിക്കാൻ
കത്തും വിപ്ലവാഗ്നിയാണ്.

യുക്തീ
നീ
ആശയാണ്
രക്ഷയാണ്
സാക്ഷാത്ക്കാരമാണ്
അതിൻ തപസ്സാണ്
വർഗ്ഗകലാപങ്ങൾ മാറും
ആര്യദിനത്തിന്
ആരവക്കതിരുകൾ വിരിയുമ്പോൾ
ആയിരംകോടിക്കൊടി

കല്ലുമേന്തിയൊന്നായി
മാറുമൊരു
ശാന്തിതൻ യുക്തി-
രാജ്യം രചിക്കാൻ
കർമ്മം ചെയ്തിടും
തപസ്സാണ്.

യുക്തി
നീ
ഭരണമാണ്
സംസ്ക്കാരമാണ്
സുഖഭോഗമാണ്
വിശപ്പിൻ ചൂളയിൽ
വീണു കരിഞ്ഞ കുടലിന്റെ
ഗന്ധം ചുടു കണ്ണീരായി
പൊഴിയും മനുഷ്യന്
അന്നമേകി
സർവ്വ സുഖങ്ങളേകി
നയിക്കും ഭരണ
ഗോപുരമാണ്
ആർക്കും ബന്ധന മേൽക്കാത്ത
സ്വാതന്ത്ര്യപൂക്കൾ
വിരിയും പൂമരമാണ്
യുക്തീ
നീ
അനശ്വരമാണ്.

(1990)

# വൃത്തമനം

മനമൊരുവൃത്ത-
മെന്തും പതിയുമൊരുവൃത്തം.
പ്രതിഫലനം ചെയ്യുമൊരു
കണ്ണാടിവൃത്തം
കാര്യകാരണവൃത്തം.
പദാർത്ഥത്തിൻ കണങ്ങളാം
നിലക്കണ്ണാടിയിൽ
നീലത്തടാകത്തിൽ
പദാർത്ഥമേഘങ്ങൾ
പതിക്കുന്നു പ്രതി-
ഫലിക്കുന്നു, സൂര്യ
കാന്തങ്ങൾ പോലെ.
മനസ്സിൻ ഗർഭ
പുരിയിൽ വിരി-
യുന്നൊരുഷസന്ധ്യ-
യത്രെ പദാർത്ഥം.
ആയന്ധവിശ്വാസമിവിടെ-
ത്തലതല്ലിത്തകരുന്നുവല്ലോ.
ഈയന്ധയീറ്റില്ലം
പെറ്റുപെരുക്കിയ
പരമശിവനും
കുരിശിന്റെ പുത്രനു-
മല്ലാഹു പുത്രനും
മരണം നുണഞ്ഞിടുന്നു.

ഇനിതേടിയലയണ്ട
മുനിമാർ തിരഞ്ഞൊരാ
പരമാത്മാവിൻ
പരമതീരങ്ങളെ
വിഡ്ഢിസ്വർഗ്ഗങ്ങളെ.
മസ്തിഷ്ക മാനത്തു
പൂക്കും മനസ്സൊരു
നിലക്കണ്ണാടിയൊരു
നീലത്തടാകം.
മനമതിനാലൊരു
പദാർത്ഥ വൃത്തം
പരമവൃത്ത-
മ്മൊരനന്തവൃത്തം.
വൃത്തം കറങ്ങവെ
ചിത്രം വിരിയുന്ന
ഒരു വൃത്തവൃത്തം
ഒരു വൃത്തപുഷ്പം

(1978)

# യേശുവിന്റെ പിതാവ്?

സായാഹ്ന സൂര്യൻ
രതിദാഹത്താൽ
പൂർണ്ണേന്ദുമേനി നോക്കിനിൽക്കേ
സദാചാര ബോധവും
ബലാത്സംഗ വിരുദ്ധമനോഭാവവുമുള്ള
ജനത്തിന് മുമ്പിൽ വെച്ച്
കരിമ്പൂവൻ കോഴി
കരിമ്പിടക്കോഴിയെ
ബലാത്സംഗം ചെയ്തപ്പോൾ
കരിമ്പിടക്കോഴിയിൽ
മുട്ടയെപെറാനുള്ള പേറ്റ്നോവ്.
ഇവ പ്രാപഞ്ചിക സത്യം.

എന്നാൽ
ബൈബിളിൽ
ഓസേപ്പ്
മറിയയുടെ മാറിന്റെ ഗന്ധം
മണിയറ തൻ മലർഗന്ധപൊയ്കയിൽ വെച്ച്
നുകരുന്നതിന് മുമ്പ്
മറിയ ഗർഭിണിയായിരുന്നു.
കന്യകയായ പെണ്ണ്
ഗർഭിണിയാകുന്നതെങ്ങനെ?
ഓസേപ്പിന്റെ യുക്തിചിന്തയിൽ
ഇടിമുഴക്കം.

മസ്തിഷ്ക്കത്തിൽ
അസ്ഥിരതയുടെ കൊടുങ്കാറ്റ്

ഓസേപ്പ് മറിയയെ
ഉപേക്ഷിക്കാൻ തീരുമാനിച്ചു.
പക്ഷെ പരമാത്മാവാണ്
കുഞ്ഞിന്റെ തന്തയെന്നു
കർത്താവിന്റെ ദൂതൻ
സ്വപ്നത്തിൽ വന്നു
ഓസേപ്പിനോട് പറഞ്ഞു.
നല്ലവളായ ഭാര്യയെകുറിച്ചുള്ള
മനസ്സിന്റെ മോഹമാണു
സ്വപ്നം കണ്ടതെന്ന
മനഃശ്ശാസ്ത്രം
അറിയാത്ത ഔസേപ്പ്
സ്വപ്നം സത്യമാണെന്ന് ധരിച്ചു.
യാഥാർത്ഥ്യം
കാമുകനിൽ നിന്നോ
ബലാത്സംഗം ചെയ്തവനിൽ നിന്നോ
മറിയ ഗർഭം ധരിച്ചതായിരുന്നു
അപ്പോൾ
യേശുവിന്റെ പിതാവാരെന്നു
മറിയയോട് ചോദിക്കേണ്ടിയിരിക്കുന്നു
അല്ലെങ്കിൽ ഡി.എൻ.എ
ടെസ്റ്റ്
നടത്തേണ്ടിയിരിക്കുന്നു.

(1995)

# ആര് സൃഷ്ടിച്ചു

ദൈവം
ഭൂമിയിൽ
ആദ്യമായി
കരിമണ്ണും ചെളിയുംകൊണ്ടു
കറുത്ത നിറമുള്ള
ആദത്തെ ജനിപ്പിച്ചു.
സ്ത്രൈണതയുള്ള
വാരിയെല്ലൂരി
ദൈവം
ഹവ്വയെ സൃഷ്ടിച്ചു.
ആദത്തിനും ഹവ്വയ്ക്കും
ചെളിയുടെയും കരിമണ്ണിന്റെയും നിറമുള്ള-
രണ്ടു മക്കളുണ്ടായി
ഹാബേലും
കയീനും.
ഒരു നാൾ
ഹാബേലും കയീനും
തമ്മിൽത്തല്ലി
ഹാബേൽ മരിച്ചു
പിന്നെ
കയീൻ
അടുത്ത ഗ്രാമത്തിൽപോയി
ഒരു പെണ്ണിനെ കല്യാണം കഴിച്ചു.
രാജാവ് തുണിയില്ലാതെ

വന്നപ്പോൾ
ആ സത്യം വിളിച്ചുപറഞ്ഞ
ഐക്യൂ കൂടിയ
ആ പഴയകുട്ടി
ഈ കഥ കേട്ടിട്ട്
രണ്ടാമത്തെ
ചോദ്യം ചോദിച്ചു
കയീൻ കെട്ടിയ
പെണ്ണിനെയും
ദൈവത്തേയും
ആരു സൃഷ്ടിച്ചു?
(2001)

# പെറ്റമ്മ ചൊല്ലുന്നു

പെറ്റമ്മ ചൊല്ലുന്നു
പെറ്റമ്മ ചൊല്ലുന്നു
മക്കളെ
എനിക്കിനിയാരുമില്ല.
കലാപം കഴിഞ്ഞു
ചുടുചോരയൊഴുകും
രണഭൂവിൽ നിന്നും
നിറകണ്ണീരുമായ്
പത്തു പെറ്റമ്പതോളമെത്തിയ
പെറ്റമ്മ
ചൊല്ലുന്നു
മക്കളെയെനിക്കിനിയാരുമില്ല
മൂത്ത തങ്കപ്പനും
ഇളയവർ രാമനും
കൃഷ്ണനനും, കരുണനും, രുദ്രനും
സീതയും, രാധയും, ലക്ഷ്മിയും
എന്റെയിളയപൊന്നുണ്ണിക്കണ്ണനും
ചോരയിൽ കുളിച്ചു മരിച്ചുകിടക്കുന്നു.
കുട്ടിക്കാലം മുതലവരുടെ
കൂട്ടുകാരായ് വളർന്ന
പിലിപ്പും, വറുഗീസും
പരീതും, തോമസ്സു-

മലിയാരും ജോസഫും
കണ്ണന്റെയച്ചനെ-
ച്ചുടുകാട്ടിലേയ്ക്കു ചുമ്മിയ
അനീഫയുടെ മകൻ ഖാലീദും
എന്റെ മോൾ സീത
വിശപ്പാൽ പൊരിഞ്ഞപ്പോൾ
വീട്ടിൽകൊണ്ടുപോയി
ചോറുവാരിക്കൊടുത്ത
മേരിചേച്ചിയും
രാമനെക്കാറിടിച്ചപ്പോ-
ളാതുരാലയത്തിൽ കൊണ്ടുപോയ്
ജീവൻ രക്ഷിച്ച
അലിയാരെ ബാപ്പയും
കൃഷ്ണന്റെ, കരുണന്റെ
രുദ്രന്റെ
രാധയുടെ
സീതയുടെ
മക്കളെ
താരാട്ടു പാടിയുറക്കിയ ബീവിയും
പട്ടിണി കിടന്നു തളർന്നപ്പോൾ
വഞ്ചിപ്പെട്ടിയിൽ നിന്നു-
മിട്ടുകൂട്ടിയ നാണയത്തുട്ടുകൾ
തന്നപരീതിന്റെയുമ്മുമ്മായും
എല്ലാരും
ഇതാ ചുടുചോരയിൽ
തലയറ്റുകിടക്കുന്നു.
കൈകാലറ്റു കിടക്കുന്നു.
മേനിപിളർന്നു കിടക്കുന്നു.
തമ്മിൽവെട്ടി മരിച്ചുകിടക്കുന്നു.
പെറ്റമ്മ ചൊല്ലുന്നു
പെറ്റമ്മ ചൊല്ലുന്നു
മക്കളെ എനിക്കിനിയാരുമില്ല.

വീട്ടുവേലയ്ക്കുപോകും
വല്യകല്യാണിയുടെ-
യോലക്കുടിലും
വാദ്ധ്യാരനീഫയുടെ-
യോടുമേഞ്ഞപുരയും
വാറ്റ് വറുഗീസിന്റെ
വാർത്തവീടും
ചുറ്റും നിറഞ്ഞു നിൽക്കു
മൊരായിരം ഓലക്കുടിലും
പൂത്തചെടികളും
പൂമരങ്ങളും
പൂസുഗന്ധവും
ഗ്രാമസൗന്ദര്യമാകെയും
കത്തിച്ചാരമായ് കിടക്കുന്നു.
സഹസ്രാബ്ദങ്ങൾ മർത്ത്യൻ
ചോരനീരാക്കി
നേടിയോരെന്റെ
ഗ്രാമസാന്ദര്യമാകെയും
ചാരമായ്ക്കിടക്കുന്നു
എനിക്കിനിയാരുണ്ടമ്മേ
പെറ്റമ്മചൊല്ലുന്നു
പെറ്റമ്മ ചൊല്ലുന്നു
മക്കളെ എനിക്കിനിയാരുമില്ല
എല്ലാം വരുത്തിയതീ
കിഷ്ണനനും ക്രിസ്തുവുമല്ലേ?
പള്ളിനിൽക്കും ഭൂമി
കൃഷ്ണന്റെതെന്നു ഒരു കൂട്ടരും
ക്രിസ്തുവിന്റെതെന്നു മറ്റൊരു കൂട്ടരും
ആരുടേതാണീ
രണഭൂമിയെന്നു
ചരിത്രചാരുശിലാരേഖകൾ
നോക്കാതെ

പഴംപുരാണച്ചുരുളിൽപ്പൊതിഞ്ഞ
പഴം കഥകളുമായ്
തർക്കിച്ചുകലഹിച്ചു
കലാപം തുടങ്ങി.
കലാപത്തിൽ മൂലകാരണം
കൃഷ്ണനും ക്രിസ്തുവുമെങ്കിൽ
എനിക്കിവരെയാരെയും വേണ്ട
ഞാൻ ഹിന്ദുവല്ല
ക്രിസ്ത്യാനിയുമല്ല
മുസൽമാനുമല്ല
ആ മതങ്ങളും
എനിക്കു വേണ്ട
അമ്മേ എനിക്കിനിയാരുണ്ടമ്മേ
പെറ്റമ്മ ചൊല്ലുന്നു
പെറ്റമ്മ ചൊല്ലുന്നു
മക്കളേ എനിക്കിനിയാരുമില്ല.
എന്റെ മക്കളെക്കൊന്ന
മക്കളെക്കൊല്ലുന്ന
ദേവാലയങ്ങളിലെ
കൃഷ്ണനും ക്രിസ്തുവും
അള്ളാഹുവിനേയും
അറബിക്കടലി-
ന്നഗാധ ഗർത്തത്തിലേയ്ക്ക്
വലിച്ചെറിഞ്ഞിടേണം
പകരം
മാനവത്വവും
വിശ്വസ്നേഹവും
സാഹോദര്യവും പകരും
വിഗ്രഹങ്ങൾ സ്ഥാപിച്ചിടേണം
അതിന്നായ്
അമ്മമാരെ
സഹോദരികളെ

സഹോദരന്മാരെ
നിങ്ങൾ ദേവാലയങ്ങളിലേയ്ക്കു
പുറപ്പെടു
കല്ലിനെച്ചുറ്റി-
ത്തൊഴുതുമടങ്ങുവാനല്ല
മനുഷ്യനെ വഞ്ചിക്കും
വഞ്ചിപ്പെട്ടിയിൽ
പണമിട്ടു മടങ്ങുവാനല്ല
മക്കളും സഹോദരങ്ങളും
മിത്രങ്ങളും
നഷ്ടപ്പെടാതെ
കൂരയും പറമ്പും നഷ്ടപ്പെടാതെ
എന്റെ ഗ്രാമമൊ-
രഗ്നിക്കടലായ്
മാറാതിരിക്കാൻ
പെറ്റമ്മ ചൊല്ലുന്നു
പെറ്റമ്മ ചൊല്ലുന്നു
മക്കളെ എനിക്കിനിയാരുമില്ല.
നാശത്തിൻ വിത്തുകളായ
വിഗ്രഹങ്ങൾ
വലിച്ചെറിയൂ
അറബിക്കടലിൽ
അറബിക്കടലിന്നഗാധ
ഗർത്തത്തിലേയ്ക്ക്
വലിച്ചെറിയൂ
വലിച്ചെറിയൂ
അറബിക്കടലിൽ......

(1996)

# ജാതകം

കോന്നന്റച്ഛൻ മരിക്കാറായി
കോന്നന്റമ്മ കരയാൻ തുടങ്ങി
കോന്നന്റെ കൊച്ചച്ചൻ വന്നു
കോന്നനോടൊന്നങ്ങുചൊല്ലി.
ജാതകം പെട്ടെന്ന് കൊണ്ടു വാടാ
ജാതകം ഞാനൊന്നു നോക്കിടട്ടെ.
ജാതകം നോക്കി കൊച്ചച്ഛൻ
അവസാനഭാഗം പറഞ്ഞു
നാൽപ്പത്തൊന്നു കഴിഞ്ഞാപ്പിന്നെ
ചാകുമെന്നാടാകുറിപ്പ്
നിന്റച്ചന് നാല്പത്തഞ്ചായി
നിന്റച്ചനിതോടെ മരിക്കും
നാട്ടു ഡോട്ടറമ്മാരെ നീ കാണിടേണ്ട
നാട്ടുകാരോട് ചത്തെന്നുചെന്നു ചൊല്ലൂ.
കോന്നനു ദേഷ്യമിരച്ചു.
കോന്നൻ കൊച്ചച്ചനോടുടൻ ചൊല്ലി
അച്ഛനെ ആശൂത്രി കൊണ്ടുപോണം.
കൊച്ചച്ചനെന്തു ചൊല്ലുന്നു
അപ്പോഴമ്മാവനവിടെയെത്തി
അമ്മാവനോടു കൊച്ചച്ചൻ
കാര്യമായ്തന്നുടൻ ചൊല്ലി.
നാല്പത്തൊന്നു കഴിഞ്ഞാപ്പിന്നെ
ജാതകം ചൊല്ലുന്നു ചാകുമെന്നു
എങ്കി ഡാട്ടറന്മാരെക്കാണിടേണ്ട

കാശും വെറുതേ കളഞ്ഞിടേണ്ട
അളിയൻ ചൊന്നത് നേരുതന്നെ
ജ്യോതിഷം ഒന്നൂടി വെച്ചു നോക്കാം
മരണം വ്യക്തമായ്ത്തിരിച്ചറിയാം
ഇരുവരും പെട്ടെന്നോടിപ്പോയി
ജ്യോത്സ്യ മറിഞ്ഞു തിരിച്ചുപോരാൻ
കവടികളൊക്കെ നിരത്തി ജ്യോത്സ്യർ
കാര്യമായങ്ങുടൻ ചൊല്ലി
"മരിക്കാൻ കിടക്കുന്നയാളിനിപ്പോൾ
ശനിദശ തന്നെ തെളിഞ്ഞിടുന്നു
നേരം വെളുക്കുന്നതിന് മുൻപ്
മരണം നിങ്ങൾക്കു നേരിൽ കാണാം."
"ഡാട്ടറെക്കാണേണ്ടതുണ്ടോ ജ്യോത്സ്യർ
ദൈവവചന മൊന്നുചൊല്ലൂ"
പൂത്തനായ് ഡോട്ടറെ കാണിടേണ്ട
ചാക്കാല വ്യക്തമായി കാണുന്നുണ്ട്.
പ്രവചനം കേട്ടതി ദു:ഖമായി.
ഇരുവരും വിലപിച്ചു വന്നവിടെ
പ്രവചനം കേൾക്കാൻ പോയനേരം
കോന്നനും കൂട്ടരും കൂടിചേർന്ന്
അച്ഛനെയാശുത്രീകൊണ്ടുപോയി.
നല്ല ചികിത്സ തുടങ്ങിയത്രെ.
ശ്വാസംമുട്ടലുമിക്കിളും മാറി
ക്ഷീണവും മാറി സുഖമായി
ആസ്പത്രി വിട്ടു വീട്ടിൽ വന്നു
ആരോഗ്യവാനായി മാറി
ഇതുകണ്ടളിയന്മാർ അന്തംവിട്ടു
ജ്യോത്സ്യന്റെ വീട്ടിലേക്കെടുത്തുചാടി
ഇതുകണ്ടു ജ്യോത്സ്യൻ അന്തംവിട്ടു
കവടിയും കൊണ്ട് നെട്ടോട്ടമോടി.

(1978)

# കുരുതി

അമ്പലനടുവിൽ കണ്ടൊരു കൂട്ടം
വാലുവിടർത്തിയ പൂവൻ കോഴികൾ
അമ്പലഭരണത്തലവന്മാരതു
കുരുതികൊടുക്കാൻ വാങ്ങിക്കുന്നേൻ
അവിടുത്തെപ്പൊൻ ഭഗവതിയാണ്
മൂർത്തിഭയങ്കരി ചാമുണ്ഡേശ്വരി
വെളിച്ചപ്പാടിൻ മേനിയിലായ്
ആണ്ടിലൊരിക്കൽ കേറി വരുന്നേൻ.
മൂർത്തിക്കായ് വെളിച്ചപ്പാട്
വാളുമെടുത്തഥയോടിവരുന്നു
ദാഹംകൊണ്ടവൻ കോഴികൾ തന്നുടെ
ചോരകുടിക്കും കഴുത്തറുത്തു.
വാളിൻ തുമ്പിൽ ചോരയിലപ്പോൾ
ആയിരമായിരം ജീവസ്പന്ദം.
കണ്ണുമിഴിച്ചു ജലാർദ്രരായി
വെളിച്ചപ്പാടിനെ നോക്കിയിരിക്കും
മുഹൂർത്തിയെന്ന ഘോരധ്വനികൾ
മർത്ത്യമനസ്സിൽ ഭയമരുളുന്നു.
പേടിക്കണ്ടതു കല്ലാണത്രേ
ആത്മീയത്തിൻ കല്ലാണത്രേ
ശാസ്ത്രം കേറിവന്നതുമൂലം
ശക്തി ക്ഷയിച്ചു മുഹൂർത്തി മെലിഞ്ഞു
കോഴി കുറഞ്ഞു കുരുതികുറഞ്ഞു.
അമ്പലനടുവിൽ വെടികൾ കുറഞ്ഞു.

പട്ടികളേയോ, പൂച്ചകളേയോ
കുരുതി കഴിക്കാൻ കൊള്ളുകയില്ല
കോഴിയിറച്ചി തിന്നുരുചിച്ച
തമ്പ്രാനറിയാമതിന്റെ സ്വാദ്.
എന്തിനുപറയാം സന്തതികോഴികൾ
അന്തംവിട്ടു മന്ദം പ്രാകി
അങ്ങനെമാറ്റം വന്നുപിറന്നു
കോഴികൾപോയി കുമ്പളമായി
എങ്കിലുമുണ്ടു കടും നിണത്തിൻ
നിറം പകരും അരത്തവെള്ളം
കേരത്തിൻ പുതുയിലകളുമുണ്ടു
കോഴികൾ വിരിയും മുട്ടയുമുണ്ട്
വിശ്വാസങ്ങൾ അന്ധത കൊണ്ടു
ആരോപണ്ടു കുരുക്കികെട്ടി
ഉത്സവനാളിൻ പിറ്റേ ദിവസം
മത്സരമായി വട്ടമിരിക്കും.
കാരണവൻമാർ കേമൻമാരായ്
കള്ളുകുടിച്ചും പള്ളനിറക്കാൻ
മൂർത്തിക്കിന്നും പരാതിയില്ല
നാളെകുമ്പളമില്ലെന്നാലും
വിശ്വാസങ്ങൾ പൊട്ടൻ പലതും
ആശ്വാസത്തിന് വേണ്ടേ വേണ്ട.

(1978)

# കേരളം

മതരഹിത കേരളം
മാനവിക കേരളം
മതവിമുക്ത ഭാരതം
മനോഹര ഭാരതം
മതഭരിത കേരളം
മൃതസമാന കേരളം
തീവ്രമത ഭാരതം
മതഭ്രാന്തിൻ ഭാരതം
മതവിമുക്ത കേരളം
മാനവിക കേരളം
മതരഹിത ഭാരതം
മനോഹര ഭാരതം

(2010)

# ദൈവം

ദൈവങ്ങളെച്ചേലായ്
മെനഞ്ഞെടുത്തതും
ദൈവപ്പുരയുണ്ടാക്കി
പാർക്കാൻ തന്നതും,
തീമഴപെയ്യുന്ന
ഉച്ചവെയിലിൽ നിന്നും
പെരുമഴയുടെ
പെരുങ്കാറ്റിൽ നിന്നും
രക്ഷിച്ചതും,
പുവൻപഴവുമടയും
മലരുമാഹാരമായി
തന്നതും,
ചെമ്പട്ടുടയാട
ധരിക്കാൻ
വാങ്ങിത്തന്നതും
തങ്കമാലയും
തങ്കക്കുറിയും
ചാർത്തിത്തന്നതും
അഷ്ടമേളങ്ങളൊരുക്കി
ആനന്ദ ലഹരിക്ക്
സംഗീതം തന്നതും
അന്തികണ്ണടയുമ്പോൾ
കണ്ണുകാണാൻ

ത്രിസന്ധ്യാദീപം
തെളിയിച്ചുതന്നതും
ഞങ്ങൾ
മനുഷ്യരല്ലോ.

(2013)

# ഇത്

ഇത് മതങ്ങൾ തൻ അസ്തമന കാലം
ഇത് മാനവികതയുടെ പൂക്കാലം
ഇത് അജ്ഞതയുടെ അന്ത്യകാലം
ഇത് ശാസ്ത്രത്തിൻ ജൈത്രകാലം
ഇത് അപരിഷ്കൃതത്തിൻ മരണകാലം
ഇത് പരിഷ്ക്കാരത്തിൻ സുവർണ്ണകാലം
ഇത് മൃഗവാസനയുടെ ക്ഷയകാലം
ഇത് മനുഷ്യത്വത്തിൻ മംഗളകാലം
ഇത് അയിത്തത്തിൻ അന്തിമകാലം
ഇത് സ്വാതന്ത്ര്യത്തിൻ സുന്ദരകാലം
ഇത് വിശ്വാസത്തിൻ വിരാമകാലം
ഇത് അവിശ്വാസത്തിൻ ആനന്ദകാലം

(2013)

# ഗീതപുനഃസാരം

ഗീതാ മർമസാരം
തിരുത്തിയരുൾ ചെയ്തു.
ദേഹിയനശ്വരമെന്നു ചൊല്ലിയത്
ശരിയല്ല
ദേഹിയില്ലെന്നതാണ് ശരി
അചേതനവസ്തുവിൽ
യുഗപരിണാമത്തിൻ
ഹരിതവനങ്ങൾ
പിറവിയെടുത്തത്
യാഥാർത്ഥ്യം.
പരമാത്മാവിൻ
സൗരപ്രഭ
നുണക്കഥകൾ തൻ
ചെണ്ടമേളം.
പ്രപഞ്ചനാഥൻ
ശൂന്യം.
പ്രപഞ്ചം
സ്വയംഭൂവിൻ
പൂക്കാലം.
മരണം
പഞ്ചഭൂതത്തിന്റെ
വിഘടന സ്ഫോടനം.

# കുണ്ഡലനി

ദൈവമിരിക്കുന്ന
സ്ഥലം കണ്ടുകിട്ടി.
അതു നട്ടെല്ലിന്റെ ചുവട്ടിലാണെന്ന്
ആശാൻ പറഞ്ഞു.
സങ്കല്പലിംഗത്തിൽ ത്രികോണാകൃതിയിൽ
പൊതിഞ്ഞു കിടക്കുന്ന
നാഗകുണ്ഡലനി ശക്തിയാണ്
ദൈവമെന്ന് ആശാൻ പറഞ്ഞു.
കുണ്ഠലനി എപ്പോഴും ഉറക്കത്തിലാണെന്നും
ദൈവത്തിന് പാമ്പിന്റെ
രൂപമാണെന്നും ആശാൻ പറഞ്ഞു.
ഈ ഉറങ്ങുന്ന ദൈവത്തെ ഉണർത്തണം
നട്ടെല്ലിന്റെ അടിയിൽ നിന്നും
ഉറക്കമുണർന്ന് ശിരസ്സിലെത്തുമ്പോൾ
ആ ശരീരം ദൈവമായി മാറും.
ദൈവം ഉണരാതെ
മരിക്കുന്നവരുടെ
മൃതദേഹം ചിതയിൽ കത്തുമ്പോൾ
ദൈവം കത്തിച്ചാരമായ് മാറും
നമുക്കത് കാണാം.

## നാരായണി ചൊല്ലി

കാർമേഘങ്ങളും ദിക്കുകളും
മൗനനൊമ്പരവുമായി നില്ക്കുമ്പോൾ
മൈലുകളനവധി താണ്ടി
നാടാകെ തന്നെമറന്നു
നെഞ്ചത്തടിച്ചും നിലവിളിച്ചും
നാലും കൂടിയ മുക്കിൽ വന്നു
നാരായണിപൊട്ടിക്കരഞ്ഞു.
വെറ്റിലവാങ്ങാൻ വിട്ടതാണ്
വയ്യെന്നെന്നോമനയോതിയിട്ടും
വഴക്കു പറഞ്ഞോടിച്ചതാണ്
അവനെന്തു തെറ്റാണ് ചെയ്തത്?
ഇന്നലെ ത്രിസന്ധ്യയിൽക്കണ്ടതെല്ലാം നമുക്ക്
ഇന്നില്ലാണ്ടായി മാറി
മാർജിൻ ഫ്രീ മാർക്കറ്റും
മാമ്പഴക്കടകളും
സ്റ്റേഷനറിക്കടകളും
ബ്യൂട്ടിപാർലറും
മൊബൈൽ ഷോപ്പും
റെസ്റ്ററാറണ്ടും
സ്വർണ്ണക്കടകളും പ്രസ്സും
എല്ലാം കത്തി
ചാരമായ് കിടക്കുന്നു
മജ്ജയും മാംസവും,
വെളുത്തും കരിഞ്ഞും

കഷണങ്ങളായി കിടക്കുന്നു.
കണ്ണന്റെ മേനിയോ
കാരണവരുടെ മേനിയോ
ഒന്നുമെനിക്കറിഞ്ഞൂടായെ
മതഭ്രാന്തുബാധിച്ച മനുഷ്യൻ
മനുഷ്യനൊ, കാണ്ടാമൃഗമോ
മതതീവ്രവാദം നേടിയത്
മനുഷ്യ മാംസക്കഷണങ്ങളോ?
ഈ വിഷം കെടുത്തണം
മതവും മതതീവ്രവാദവും
മനുഷ്യകുലത്തിൻ വർഗ്ഗശത്രുക്കൾ
നാം പോരാടണം
ഈ കാപാലികർക്കെതിരെ
നാരായണീ ചൊല്ലി നിർത്തി.

# ശ്യാമനും ദേവനും

ശ്യാമവർണ്ണാങ്കിതനായ
കൃഷ്ണന്റെ ചോരവാർ-
ന്നുണങ്ങിയ മേനി
ദുർഗന്ധപ്പൊയ്കയിൽ
കുളിച്ചു കിടക്കുന്നു.

രാക്ഷസദേവന്റെ
ഭീമാകാരമായ കാൽപ്പത്തി
ചവിട്ടിക്കുഴച്ചതാണാദേഹം.

എങ്ങും ദേവന്റെ പൈശാചിക
അലർച്ചകൾ
ശ്യാമന്റെ ഗോത്രങ്ങൾ
പിഴുതെറിയാൻ
തയ്യാറായി നിൽക്കുന്നു.

# നാറാണത്ത് ഭ്രാന്തൻ

ഞാൻ നാറാണത്തു ഭ്രാന്തൻ
കുന്നിന്റെ നിറുകയിലേക്ക്
കല്ലുരുട്ടുകയും
കയറാതെ തിരിച്ചിറങ്ങുകയും
വീണ്ടും ഉരുട്ടുകയും
ചെയ്യുന്ന ഞാൻ
യഥാർത്ഥത്തിൽ
ഭ്രാന്തനാണോ?
ചിലർ പറഞ്ഞേക്കും
ഞാൻ വിഡ്ഢിയാണെന്നു
എന്നാൽ ഞാൻ
വിഡ്ഢിയാണോ?
അല്ല.
ഞാൻ എഡിസന്റെ മനസ്സുള്ളവൻ
ശാസ്ത്രമനോഭാവി
എല്ല തോൽവിയും
വിജയത്തിലേക്കുള്ള ഉത്സവം
വിജയംവരെ സമരം
അതെന്റെ ജീവിതം

## ആര് രക്ഷിക്കും?

പരാജിതരായ
ദൈവങ്ങളെ
വിളിച്ചു
രക്ഷിക്കുവാനായി
പ്രാർത്ഥിച്ചാൽ
അവരെങ്ങെയാണ്
നമ്മെ രക്ഷിക്കുക?

മക്കയിൽ നിന്നും
മദീനയിലേക്ക്
ജീവനും കൊണ്ടോടി
പരാജിതനായ നബി

നെഞ്ചിലും
കാലിലും കയ്യിലും
ആണിയടിച്ചു
കയറുമ്പോൾ
രക്ഷപ്പെടാൻ
കഴിയാതെ
പിടഞ്ഞ ക്രിസ്തു.

വേടന്റെ അമ്പുകളിൽ നിന്നും
രക്ഷപ്പെടാൻ
കഴിയാതെ

മരണം വരിച്ച കൃഷ്ണൻ
സ്വയം രക്ഷപ്പെടാൻ
കഴിയാത്ത
ഇവർ
മറ്റുള്ളവരെ
രക്ഷപ്പെടുത്തുക
എങ്ങനെയാണ്?

## കോവിഡ്

കോവിഡ്
ഒരു സുനാമിയായി
ഇരച്ചു വന്നു.
ഈ സമുദ്രചുംബന
ത്തിൽ നിന്നും രക്ഷപെടാൻ
ദേവന്റെ പുരയുടെ
വാതിലിൽ ചെന്നപ്പോൾ
ദേവൻ മുമ്പെ
പലായനം
ചെയ്തതായി കണ്ടു.
രക്ഷിക്കേണ്ടവൻ
രക്ഷ തേടിയതിനാൽ
മനുഷ്യസമൂഹം തിരിഞ്ഞോടി.
അതോടെ പലരും
മരണത്തിന്
വിധേയമായിക്കഴിഞ്ഞു.
അവശേഷിച്ചവർ
പ്രതിമരുന്നിന്റെ
പ്രസവം
കാണാൻ
കാത്തിരുന്നു.

## പ്രണയം

ആളിക്കത്തുന്ന പ്രണയത്തിന്റെ ചുവട്ടിൽ
മരണം നാഗഫണം താഴ്ത്തി കിടന്നു
രതിയുടെ ആകാശപ്പൊയ്കയിൽ
വർണ്ണ പുഷ്പങ്ങൾ വിടർന്നപ്പോൾ
ക്ഷീണം കൊണ്ടവൾ ഉറങ്ങി.
കാമുകന്റെ വിരലുകളിൽ
പഞ്ചനാഗത്തിന്റെ കലിതുള്ളൽ
കേബിൾ വയറുകൾ കരിനാഗങ്ങളായി
ശ്വസനനാളത്തെ കെട്ടിവരിയുന്നു
ഉറക്കം മുറിഞ്ഞപ്പോൾ
ശ്വസനം നിൽക്കുന്നതായ്
അവൾ അറിഞ്ഞു.
നീ ഗർഭശിശുവിനെ
ഛിദ്രം ചെയ്യണ്ട
നിന്നെ ഞാനെടുക്കുന്നു
അവൻ പറഞ്ഞു.
അങ്ങനെ പ്രണയം
കറുത്ത തീമഴയായി
പെയ്തൊടുങ്ങി.

(2021)

## മേൽക്കുര

വീടിന്റെ മേൽക്കുര
തകർന്നതുകൊണ്ടു ശ്യാമമേഘം
വീട്ടിനകത്തേക്ക്
ഇറങ്ങി വന്നു.
വെയിലിന്റെ തീക്കനലുകൾ
വീട്ടിനകത്ത് വൃത്തപ്പൂക്കൾ വിരിയിച്ചു
മഴയുടെ പുഴകൾ
വീട്ടിനകത്തേക്ക്
പുളഞ്ഞൊഴുകി വന്നു.
ഭിത്തികളിൽ നിന്നും
മൺപൂക്കൾ
നിന്റെ
അടർന്നു വീണു.
മോഹങ്ങൾ
പൊട്ടിയവ്രണങ്ങളായി
ശേഷിച്ചു.
ജീവിതം
ശൽക്കങ്ങളൊടിഞ്ഞ
ശലഭമായി മാറി.

(2022)

## വൃദ്ധനിറം

ശ്യാമസന്ധ്യയുടെ
നയനങ്ങളിൽ
മരണവേദന.

നീയെന്നും
പകലിന്റെ
ചാട്ടവാറടിയേറ്റ്
പിടഞ്ഞു.

നിന്റെ നാവിൽ
എന്നും വേദനയുടെ
എരിവ് വളർന്നു.

നിന്റെ ബാല്യവും
കൗമാരവും
യൗവ്വനവും
ഭാരം ചുമക്കുന്ന
ദിനങ്ങളായിരുന്നു.
എല്ലാ വസന്തവും
നിന്റെ മുമ്പിൽ
പൂത്തുലയ്ക്കാതെ
സൂര്യജ്ജ്വാലയേറ്റ് കരിഞ്ഞു.
നീ ഇപ്പോൾ
യൗവ്വനത്തിൽ നവതിയായി.

നിന്റെ മുമ്പിൽ
കാലം ശവപ്പെട്ടിയായ് കിടക്കുന്നു.
വൃദ്ധനാവാത്ത നിന്റെ പിന്നാലെ
മരണപ്പക്ഷിവരുന്നെന്ന ഭയം
നിന്നെ ഇന്ന് വേട്ടയാടുന്നു.
നിന്റെ ഞരമ്പുകൾ
ഉടഞ്ഞു പൊട്ടുന്നതുപോലെ
നിനക്ക് തോന്നുന്നു.
നിന്റെ ഉച്ഛ്വാസങ്ങളിൽ
താളപ്പിഴയുടെ രോഗാണുക്കൾ
വഴിതടഞ്ഞു മഹാപ്രകടനം നടത്തുന്നു.
നിന്റെ ഉമിനീരിൽ
ദുർബ്ബലതയുടെ
രക്തസ്രാവം
നിന്റെ ഹൃദയത്തിൻ
താളം തെറ്റിയ പേമാരിയുടെ
ഭ്രാന്തമായ ഉറഞ്ഞു തുള്ളൽ.
ചുറ്റിലും പ്രകൃതിയുടെ
കൊലച്ചിരിയുടെ
സപ്തവർണ്ണങ്ങൾ.
നിനക്കിനിയും
ചവിട്ടാൻ ഭൂമിയുണ്ടോ?
ഉലയുന്ന ഭൂമിയുടെ
അച്ചുതണ്ടിൽ
തുരുമ്പിന്റെ
ദുർഗന്ധപ്രവാഹം.
സൗരയുദ്ധത്തിൽ നിന്നും
ഈ ഭൂമിയും
മരിക്കും
നീയും.

## ജീവിതം

ജീവിതം
ഒരു കച്ചവടത്തിന്റെ
ഹിമാലയൻ ചന്ത.
ചിലർ ലാഭത്തിന്റെ
സ്വർണ്ണ നാണയങ്ങൾ
വാരിയെടുക്കുന്നു.
ചിലർ നഷ്ടത്തിന്റെ
വെറും കീശകൾ
തപ്പി നടക്കുന്നു.
പരാജയത്തിന്റെ ഗിരിശൃംഗങ്ങൾ
കീഴടക്കുന്നവർ
ആശകൾ അറ്റ്
വിഷാദത്തിന്റെ വിഷകൂനയിൽ
മോഹാലസ്യം പൂണ്ടു ശയിക്കുന്നു.
നഷ്ടകാലങ്ങളെ
കൊത്തിയെടുക്കാൻ കഴിയാതെ
ശിഷ്ടകാലത്തിന്റെ
അറ്റ ആയുസ്സിൽ
നട്ടെല്ലുകൊണ്ടു
നങ്കൂരമിട്ടിരിക്കുന്നു.
സ്വപ്നങ്ങളുടെ
പൂർണ്ണകുംഭങ്ങൾ ഉടഞ്ഞുപോയവൻ
വഴിയില്ലാത്ത തെരുവിൽ
തളർന്നു നില്ക്കുന്നു.

## സങ്കടപ്പക്ഷി

മനസ്സിന്റെ പൊയ്കയിൽ സങ്കടപ്പക്ഷികൾ
നീരാടുന്നു, തല താഴ്ത്തി നീന്തുന്നു
തമ്മിൽ ചിറകുകൾ കൊത്തുന്നു
പാറിപ്പറക്കുന്നു, സങ്കടപ്പൊയ്ക ചലിക്കുന്നു

മനസ്സിന്റെ തീരത്തു സങ്കടപ്പക്ഷികൾ
ചിറകിട്ടടിച്ചും കൊക്കുരുമ്മിയും
പൊങ്ങിപ്പറന്നും താഴെവീണും
ഇളകിയും കൂടിയും കിടക്കുന്നു.

മനസ്സിന്റെ മാനത്തു സൂര്യന് സങ്കടം
സൗരയൂഥത്തിന് സങ്കടം
പ്രപഞ്ചമാകവെ സങ്കടപ്പക്ഷികൾ
ചിറകിട്ടടിക്കുന്നു, പറക്കുന്നു.

## ഞാൻ

ഒരുനാൾ
എന്റെ ബോധവും മേനിയും
പെട്ടെന്നു നിലക്കും.
പിന്നെ
അഗ്നിയുടെ
വിസർജ്ജനമായ
ചാരമായി മാറും.
പിന്നെ ഞാനില്ല
ഞാൻ പിന്നെന്താണ്
എന്നെക്കണ്ടവരുടെ
മനസ്സിലെ ഓർമ്മ മാത്രം

## ഇന്നെവിടെ

കണ്ണിന് മഴവിൽ
വർണ്ണങ്ങൾ
തന്ന
ശലഭങ്ങളിന്നെവിടെ?
പ്രണയത്തിന്റെ
മധുരവുമായ്
പാറിനടക്കും
തേനീച്ചകളിന്നെവിടെ
കയ്യടിച്ചാൽ
കൂട്ടത്തോടെ പറന്നിറങ്ങും
കാലൻ കാക്കകൾ
ഇന്നെവിടെ?
കുലം കുളംതോണ്ടും
മൊബൈൽ
ഗോപുരങ്ങൾ
പ്രകൃതിയെ കൊന്നൊടുക്കും
വെടിയുണ്ടകളോ?

## മിസ്റ്റർ എലി

താങ്കൾ എന്റെ അനുവാദം
കൂടാതെയാണ്
എന്റെ വീട്ടിൽ
താമസമുറപ്പിച്ചത്.
എന്റെ ഭവനത്തിന്റെ
ചുവർഭിത്തിയുടെ ശിരസ്
താങ്കൾ രാജവീഥിയാക്കി
സഞ്ചരിക്കുന്നത്
ഞാൻ കാണുന്നു.
താങ്കളെ
ഞാൻ ആദ്യം
കാണുമ്പോൾ
താങ്കൾ
മാത്രമേയുണ്ടായിരുന്നുള്ളൂ.
ഇപ്പോൾ താങ്കൾക്ക്
കറുത്ത സുന്ദരിയായ
കാമുകിയുണ്ടെന്നു
ഞാനറിയുന്നു.
താങ്കളോടൊപ്പം
ആ പെണ്ണും
പിന്നാലെയും
എതിരെയും
നാണം കുണുങ്ങി
ഓടുന്നത് ഞാൻ കണ്ടു

നിങ്ങളുടെ
പ്രേമസല്ലാപത്തിന്റെ
ഇക്കിളി ശബ്ദങ്ങൾ
ഞാൻ കേട്ടു
നിന്നിലൂടെ കാലം മാറിയത്
ഞാൻ കണ്ടു.
നിന്റെ ജന്മശത്രുവായ
പൂച്ച
എന്റെ വീട്ടിൽ
നിന്നെ കണ്ടിട്ട്
ഒരു മാംസദാഹവും
തോന്നാതിരിക്കുന്നത്
കണ്ടപ്പോൾ
ഞാനത്ഭുതപ്പെട്ടുപോയി.
നിന്നോടുള്ള ശത്രുതക്ക്
പൂച്ച വിരാമമിട്ടിരിക്കുന്നു.
നിന്നെ കടിച്ചുകീറി
നിന്റെ മാംസം
രുചികരമായി
ഭക്ഷിക്കുന്ന പൂച്ച
ഇന്നു നിന്റെ മാംസം
വെറുത്തിരിക്കുന്നു.
പക്ഷെ നീയും കാമുകിയും
ബന്ധുമിത്രാദികളും ചേർന്നു
എന്റെ പുസ്തകങ്ങളും വസ്ത്രവും
ക്രയവിക്രയത്തിനുള്ള നോട്ടുകളും
എന്റെ എല്ലാം
നീ നശിപ്പിക്കുന്നത്
ഞാൻ കാണുന്നുണ്ട്.
ഉറക്കത്തിൽ
എന്റെ കാൽ വിരലുകൾപോലും

കടിച്ചു തിന്നാൻ ശ്രമിച്ചു.
എന്നെ നശിപ്പിക്കാൻ
തുടങ്ങുന്ന നീ
എന്റെ ശത്രുവാണെന്ന കാര്യം
നിന്നെ ഞാനറിയിക്കുകയാണ്.
അതുകൊണ്ടു ഞാൻ
ശത്രുസംഹാരം തുടങ്ങുകയാണ്
നിനക്ക് മുമ്പെ വന്നവരേയും
എനിക്കിങ്ങനെ
ചെയ്യേണ്ടി വന്നിട്ടുണ്ട്.
അതു ഞാൻ നിനക്ക്
നേരെയും പ്രയോഗിക്കുകയാണ്.
നിനക്ക് മരണമുണ്ടാകുമ്പോൾ
എനിക്ക് ആനന്ദമുണ്ടാകുന്നു.

## ആനയും മോട്ടോറും

പാപ്പാനും
ഡ്രൈവറും
തുല്യനാണ്.
ആനയെ ഡ്രൈവ് ചെയ്യുന്ന
പാപ്പാനും
മോട്ടോറിനെ
പാപാൻ ചെയ്യുന്ന
ഡ്രൈവറും
നിയന്ത്രാക്കളാണ്.
ആനയ്ക്കും ജീവനുണ്ട്
മോട്ടോറിനും ജീവനുണ്ട്.
ആനയുടെ ആഹാരവും
മോട്ടോറിന്റെ ഇന്ധനവും
രണ്ടിനും ജീവൻ
നല്കുന്നത് ഊർജ്ജമാണ്.
ഊർജ്ജം തീരുമ്പോൾ
രണ്ടും ചത്തു പോകും
ഊർജ്ജം കിട്ടുമ്പോൾ
രണ്ടും ജീവൻ വെക്കും
എന്നാൽ രണ്ടിനെയും
വേർതിരിക്കാൻ
ഒരു മതിൽ മാത്രം
കൊണ്ടു നടക്കുന്ന പാപ്പാനെ
ആന ചിലപ്പോൾ കുത്തിക്കൊല്ലും.

എന്നാൽ
നിയന്ത്രിച്ചുകൊണ്ടു പോകുന്ന
ഡ്രൈവറെ
മോട്ടോർ ഒരിക്കലും
കൊല്ലില്ല.
കാരണം
ആനക്ക് കൂറുമാറാം
മോട്ടോറിന് കൂറുമാറാൻ
കഴിയില്ലല്ലോ.

## മുഖം

ഉദരവാതിൽ
മസ്തിഷ്കവാതിൽ
ശ്വാസകോശവാതിൽ
ഇവ സംഗമിച്ചതിനാൽ
ഈ വാതിലുകൾക്ക്
മുഖമെന്നു പേരുകിട്ടി
ലിംഗമുഖവും
മലദ്വാരമുഖവും
സംഗമിച്ച
സന്ധിയേയും
മുഖമെന്നു വിളിച്ചിടാം.
പുരുഷന്
മുഖമങ്ങനെ
രണ്ടാണ്

ഉപരിമുഖം
അധോമുഖം
എന്നാൽ നാരിക്കോ
മുഖം മൂന്നാണ്
ഉപരിമുഖം
അധോമുഖം
മുലമുഖം

## രാമൻ

മരിച്ചരാമനെ
കുഴിച്ചിടാൻ
ആറടി നീളത്തിൽ
നാലരയടിത്താഴ്ചയിൽ
ബന്ധുക്കൾ
കുഴിവെട്ടിത്തീർന്നപ്പോൾ
കണ്ടത്
ദ്രവിച്ച സിമന്റുകട്ട.
എല്ലാവർക്കും
അത്ഭുതം
അജ്ഞാതം.
ഓർത്തു....
പെട്ടെന്നു
ശവമഞ്ജത്തിൽ
അരുകിൽ നിന്നും
കാരണവർ വന്നു
കാര്യം പറഞ്ഞു
കാരണവരായ തന്റെ
കാരണവരുടെ
കാരണവരെയും
കുഴിച്ചിട്ടത്
ഇവിടെത്തന്നെ
ശരി
സിമന്റ് പട്ട
നാലാൽക്കൂടി
പൊക്കിയെടുത്തു മാറ്റിവെച്ചു

സിമന്റ് പെട്ടിക്കുള്ളിൽ
കണ്ണില്ല
കരളില്ല
എല്ലുകളുടെ
മുള്ളുകൾ മാത്രം
പെട്ടെന്ന്
യുക്തിചിന്തയിൽ
അന്വേഷണം
എല്ലുകൾ തമ്മിൽ
ആകർഷണമോ?
തലയെയും
തുടയെയും
തമ്മിൽ
ഇണ ചേരാൻ
വെമ്പലോ?
മരിച്ചരാമനെ
മുഴുവനായി
കുഴിച്ചിടാൻ
കൊണ്ടുചെന്നപ്പോൾ
കാരണവരും
കരയാത്തവരും
മരിച്ചരാമനെ
നോക്കി കരഞ്ഞു നിന്നു
കരഞ്ഞ
കാരണവർ
പരുത്ത നാദസ്വരത്തിലായി
പറഞ്ഞുവെച്ചു
മരിച്ചമോനൊരു
കൂട്ടായല്ലോ
നരച്ച നമ്മുടെ
മരിച്ച കാരണോർ

## ഇങ്കൊല്ലു

ഇങ്കൊല്ലൂ ഒരു വൃത്തഭൂമിയാണ്
ഇങ്കൊല്ലൂ ഒരു സമുദ്രമാണ്
ഇങ്കൊല്ലു അനന്തമായ ഭൂമിയാണ്.
ഇങ്കൊല്ലുവിന്റെ ഭൂമി സമുദ്രംപോലെ കിടക്കുന്നു.
ഇങ്കൊല്ലുവിന്റെ നാലതിരുകളും
ചക്രവാളം മൂടിക്കിടക്കുന്നു
ഇങ്കൊല്ലുവിന്റെ ആകാശം
കുടപോലെ നിൽക്കുന്നു
ഇങ്കൊല്ലുവിന്റെ പകൽ ഉറങ്ങിയപ്പോൾ
വൃത്തതീരങ്ങളിൽ തിരിനാളങ്ങളുടെ നിരകൾ
ആകാശത്തു നക്ഷത്രപൂക്കൾ
പാതയോരങ്ങളിൽനെൽക്കതിർ
കറ്റകൾ ചുമ്മിനടക്കുന്ന യുവതികൾ
ഇങ്കൊല്ലുവിന്റെ നാഭിയിൽ
മുളകും ചോളവും പുകയിലയും
പരുത്തിയും പ്രായമായിക്കിടക്കുന്നു
ഇങ്കൊല്ലുവിന്റെ ഭൂമിയും
അതിരും ആകാശവും
ഒരു പുതിയ ലോകം തന്നെ

(2019)

(* ആന്ധ്രയിലെ പ്രകാശം ജില്ലയിലെ ഒരു കൃഷിസ്ഥലമാണ് ഇങ്കൊല്ലു).

## എത്രദൂരം?

പിരിഞ്ഞുപോയെല്ലാവരും
പിരിഞ്ഞുപോയി
തിരിഞ്ഞു നോക്കുമ്പോൾ
ഞാനേകനായ് നില്പ്പൂ
എത്രയുൽസവങ്ങൾ നാം
ഒരുമിച്ചു കൊണ്ടാടി
എത്ര പൂക്കൾ നാം
ഒരുമിച്ചു നുള്ളിപ്പെറുക്കി
എല്ലാമിന്നൊരു സ്വപ്നംപോൽ
തോന്നിടുന്നു
ഇനിയും മുന്നിലെത്ര ദൂര-
മുണ്ടെന്നറിയാതെ നില്പൂ ഞാൻ
ചുറ്റിലുമാരെയും
കാണ്മാനുമില്ലല്ലോ.

## ശൂന്യം

ജീവിതം ചുഴലിക്കൊടുങ്കാറ്റായി മാറി
എങ്ങും വഴിതടസ്സങ്ങൾ തൻപേമാരികൾ
ഏകാന്തതയുടെ കറുത്തബീഭത്സ രാവുകൾ
നിസ്സഹായതയുടെ അഗ്നിപർവ്വതങ്ങൾ
മോഹങ്ങൾ ഉടഞ്ഞു വീഴുന്ന കറുത്ത ഗർത്തങ്ങൾ
ജീവിച്ചിരുന്ന ബന്ധുമിത്രാദികൾ
മരിച്ചു ശ്മശാന യാത്ര നടത്തുന്നു.
ജീവിച്ചിരുന്നപ്പോഴുള്ള സ്ഥാനമാനങ്ങൾ
ഒടിഞ്ഞു വീഴുന്ന ഏണിത്തുണ്ടുകളായി മാറുന്നു.
സംഘബലവും അധികാരത്തിന്റെ നേതൃശക്തിയും
ഇല്ലാതായപ്പോഴുള്ള ശൂന്യത വിളയാടുന്നു.

## എറുമ്പിൻ കൂട്ടം

ആകാശ നീലിമയിൽ നിന്നും
നക്ഷത്രങ്ങൾ ഓരോന്നായി പൊഴിഞ്ഞു വീണു
വെള്ളി മേഘങ്ങൾ ശ്യാമ മേഘങ്ങളായി
വൃക്ഷലതാദികളും പക്ഷിമൃഗാദികളും
പുറത്തു നിന്നു ഭയന്നു നിന്നു.
പ്രകൃതി ഉരിയാടൻ കഴിയാതെ
വിഷാദ സാഗരമായി മാറി.
ഉന്മൂലനത്തിന് വരുന്ന ശത്രു നിസ്സാരനല്ല
അവനെ ചെറുക്കുവാൻ പഴയ അമ്പിനൊ
വില്ലിനൊ ആറ്റംബോംബിനൊ കഴിയില്ല.
മനുഷ്യസമൂഹം വെറും എറുമ്പിൻ കൂട്ടങ്ങൾ.

## മനസ്സ്

മനസ്സ് അരൂപവും
ശരീരം
ദൃശ്യവുമാണ്.
മനസ്സിനും
ശരീരത്തിനും
വായുണ്ട്
ശരീരത്തിന്റെ
വായിലൂടെ
ആമാശയത്തിലേക്കും
മനസ്സിന്റെ
വായാകുന്ന
കണ്ണുകളിലൂടെ
മസ്തിഷ്കത്തിലേക്കും
ആഹാരം
ആവശ്യമായി
വരുന്നു.
മനസ്സിന്റെ
ആഹാരം
വാക്കുകളും
ശരീരത്തിന്റെ
ആഹാരം
അന്നവുമാണ്.

## ശ്യാമൻ

ശുഭ്രാംബരങ്ങൾക്കെന്നും കാവൽ
ശ്യാമാംബുജങ്ങളല്ലോ
ശ്യാമൻ മണ്ണിനെപ്പൊ-
ന്നാക്കുന്നോൻ
സൂര്യനാളങ്ങളേറ്റ്
കറുത്തു പോയവൻ
എന്നും ശുഭ്രന്റെ
ചാട്ടവാറടിയേറ്റവൻ
സൂര്യതാപവും ചാട്ടവാറടിയുമേറ്റു ശുഭ്രന് അന്നമൂട്ടിയവൻ
ചെറുക്കാൻ കഴിയാതെ
മരണം ഏറ്റുവാങ്ങുന്നവൻ.
ഒരു നാളവനു-
യിർത്തെഴുന്നേൽക്കും
സിംഹത്തെപ്പോലെ
ചാടും കീഴടക്കും.

## മാറ്റം

അംബരമുഖങ്ങളിൽ
വർണ്ണങ്ങൾ മാറുന്നേര-
മംബുരാശിയിൽക്കണ്ടു
മാററത്തിൻ തുടിപ്പുകൾ.
മാററത്തിൻ ചിന്തയാണെൻ
മനോവണുവിൽപോലു-
മാറ്റത്തേക്കാളും ശക്തി
ക്കൂറ്റമാണതിന്നുള്ളിൽ.
എൻ മനം ദാഹിക്കുന്നു
ഭൂവിൽത്തുല്യമാമൊരു
ഹർഷജീവിതാങ്കുര
ബിന്ദുക്കൾ മുളയ്ക്കുവാൻ.
ഈ സുരസുന്ദര സ്വപ്നമൊരു
പൊൻകതിർക്കുലയായി
ഭാസുര പ്രപഞ്ചത്തിൽ
പുത്തുവിരിഞ്ഞുകണ്ടാൽ
നട്ടം തിരിയുങ്കോടി
മാനവസ്പന്ദങ്ങൾക്കൊ-
രാശ്വാസം കണ്ടെന്നായി.
അന്ധസംസ്ക്കാരം കണ്ടാ
ലെൻ കരൾ തുടിച്ചിടും
കുന്തം ഞാനെടുത്തിടും
കുത്തിപ്പൊളിക്കുവാനായ്
ഏതൊരു നിമിഷവും

മാറ്റങ്ങൾ ചെയ്യും നവ
നാദസ്പന്ദങ്ങളെൻ
ഹൃദയത്തുടിപ്പുകൾ
മർത്ത്യസംസ്ക്കാരം മണ്ണിൽ
മലരണിഞ്ഞീടുവാൻ
മാറ്റം തൻ മനങ്ങളെ
യിറങ്ങുരണഭുവിൽ.

(1978 മാർച്ച്)

## വിത്ത്

ആദിയിൽ
അണുവിന്റെ
അരയിൽ വിരിഞ്ഞ
ശതകോടി
പീതമുകുളങ്ങളിലൊന്നായ
എന്റെ യാത്രയുടെ
രഹസ്യ പാത തൻ
സുവർണ്ണ വീഥി
ആരുമറിയുന്നില്ല.
ഋതുവർണ്ണങ്ങളെ വെല്ലുന്ന
ചിത്രരഥം മെനയുവാൻ
കരിമണ്ണിൻ നെഞ്ചിലെ
മാററത്തിലൂറിയ
മദഗന്ധച്ചുവയുള്ള
കാന്തമണ്ഡലമുള്ള
പഞ്ചേന്ദ്രിയ പൂക്കളുള്ള
പുറംതോടുകൾ
എനിക്കുണ്ടാകാറുണ്ടു.
അവയോരോന്നും
ഈ കരിമണ്ണിലരയുന്നതോടെ
എന്റെ സഞ്ചാരത്തിൻ
പദമോരോന്നും
മുന്നോട്ടു രഥം തെളിച്ചിരിക്കും.
പക്ഷെ

ഞാനിവിടെങ്ങും പൂക്കുന്നില്ല
ഇവിടെങ്ങും കൊഴിയുന്നുമില്ല
ചുവപ്പ് ചുരത്തുന്ന
മെലിഞ്ഞു തളർന്ന-
ന്ത്യശ്വാസം വലിക്കുന്നോരന്ത്യ
സന്ധ്യയുടെ
അനന്തതയിലേയ്ക്ക് .
എന്റെ കരമാകും പങ്കായങ്ങൾ
തുഴയുകയാണ്
അവിടെയാണെന്നന്ത്യം
എന്റെ യാത്ര തുടരട്ടെ...

(1979)

## മരണം

ആദ്യം മരിച്ചത്
തലമുടിയാണ്
തലമുടി വെളുത്ത ജഡമായി
തലമുടികൊഴിയാൻ തുടങ്ങി.
തലമുടിയുടെ ശവദാഹമായി.
രണ്ടാമത് മരിച്ചത്
ഇണനയനങ്ങൾ
നയനങ്ങളിൽ മയക്കം
പത്രങ്ങളിൽ ടെൻ പോയിന്റ്
അക്ഷരങ്ങൾക്ക് മരണം
നയനങ്ങൾ അർദ്ധജഡങ്ങളായി.
കർണ്ണങ്ങളിൽ ശബ്ദകിരണങ്ങൾ
നിശബ്ദതരംഗങ്ങൾ
കർണ്ണങ്ങൾ അർദ്ധജഡമായി
നാലാമത്തെ മരണം
ത്വക്കിന്റെ മരണം
ത്വക്കിൽ ഈർപ്പം
വാർന്നു പോയിരിക്കുന്നു
പിന്നീട് മരണം
ആന്തരാവയവങ്ങളിൽ
അസ്ഥികളിൽ നാസികളിൽ
ഞരമ്പുകളിൽ മൗനസഞ്ചാരം
ആ പ്രവാഹത്തിൽ
മരണം പൂർണ്ണം.

# ഇലാസ്റ്റിക് കവിതകൾ

കരിയിൽ നിന്നും വരുന്നു ഞാൻ
കരിയിലേയ്ക്കു തിരിച്ചു പോകുന്നു ഞാൻ
കരിയാണത്രേയടിസ്ഥാനസത്യം
പരമാത്മൻ പച്ച അസത്യവും.
*

ഗുരുവിന്റെ ചിരിക്കു
ഒരർത്ഥമേയുള്ളൂ
അതു മഞ്ഞനിറമെന്നല്ല
മനുഷ്യനെന്നാണ്.
*

ആഴിക്കടിയിലൊരു
പാതാളമില്ല ജയ
ഭൂവിന്നുപരി സൂര
ലോകവുമില്ല ജയ
*

ശാസ്ത്രം പരിഷ്കൃതം
മതം അപരിഷ്കൃതം
*

ചാവാതിരിക്കാൻ
വായ്ക്കരി കൊടുക്കില്ല

ചാവും മുമ്പൊരു
തുണികോടി കൊടുക്കില്ല
ചത്താൽ മരുമക്കൾ
ഉന്തായി തള്ളായി
കോടിയിടാനും
വായ്ക്കരിയിടാനും
*

കന്യാമറിയത്തിന്
കണ്ണീര് വന്നു
പൗലോസച്ചന്
പണമുണ്ടാക്കാൻ
*

മരം കരിയാവും മതം മൃതമാവും.
*

മതമേതായാലും മാനവന് ദോഷം.
*

മതവിമോചനം
മാനവമോചനം.
*

മതമല്ല ശ്രേഷ്ഠം, മനുഷ്യനാണ്.
*

മതം ഉപേക്ഷിക്കൂ, മനുഷ്യനാകൂ
*

മതങ്ങൾ മാനവികതയുടെ ശത്രുക്കൾ.
*

മതനിഷേധം മാനവനന്മയ്ക്ക്
*

മതത്തിൽ നിന്ന്
പുറത്തു വരൂ
മനുഷ്യനാകാൻ, ഒന്നാകാൻ
*

മുളകൾ പൊട്ടുന്നത് ശാസ്ത്രം
മുളകൾ പൊട്ടാത്തത് മതം
*

ജഗത് യാഥാർത്ഥ്യം
ബ്രഹ്മം അയഥാർത്ഥ്യം
ഈ സത്യം
അദ്വൈതം
*

ദൈവത്തെ അറിഞ്ഞോൻ
ദൈവനിഷേധി
ദൈവത്തെ അറിയാത്തോൻ
ദൈവവിശ്വാസി
*

ദേവതാരുവിൽ
ദേവിതെളിഞ്ഞു
ദേവസ്വത്തിന്
സ്വത്തുണ്ടാക്കാൻ
*

കരയാൻ കഴിയാത്ത ദൈവങ്ങൾ
കരയുന്നോരുടെ ആശ്രയമോ?
*

ആൽമരം
കാളിയുടെ
പാവാടയുടുത്തു
പൊതുനിരത്ത് കയ്യേറാൻ
*

ജ്യോത്സ്യം ഒരു കള്ളം
ജാതകം മറുകള്ളം
ആത്മാവ് പെരുങ്കള്ളം
ദൈവം ഭൂലോക കള്ളം
*

ജാതികീറിക്കളഞ്ഞതും
മതമുടച്ചുകളഞ്ഞതും
മനുഷ്യനായി പിറന്നതും
മതരഹിതനല്ലോ.
*

പ്രാർത്ഥിച്ചാൽ ഫലമില്ല
പ്രവർത്തിച്ചാൽ ഫലമുണ്ട്.
*

വഞ്ചിക്കുന്നതിനാൽ
വഞ്ചിക്ക്
വഞ്ചിയെന്നു പേരുകിട്ടി.
*

ദൈവം സൃഷ്ടിയുടെ
നാഥനെങ്കിൽ
ദൈവത്തിൻ സൃഷ്ടി
ഏത് ദൈവം.
*

യുക്തിയുടെ പ്രകാശ ജ്വാലകൾ
മതത്തിന്റെ മൂലത്തിൻ
അഗ്നി കൊളുത്തുന്നു
മതം വളർത്തിയ
കൂടാരങ്ങൾ
കത്തുന്നു.

(1975–2013)

നീ മരിച്ചാൽ ജീവിക്കും
ഞങ്ങളുടെ ഓർമ്മയിൽ
ഓർമ്മ മരിക്കും വരെ

*

കൈകാട്ടുമ്പോൾ
നിൽക്കണം
ഓടിത്തുടങ്ങിയാൽ
നിർത്തരുത്
ചന്തമുള്ളതെന്തും
ചന്തിയെന്നുചൊല്ലാം

*

തെണ്ടാൻ കിടക്കുന്നെങ്കിൽ
കമ്പോളത്തിൽക്കിടക്കണം

*

വെയിലിലും തീയിലും
എരിയാത്തതാണെൻ നിഴൽ
വെയിലിലും തീയിലും
എരിയാത്തതാണെൻ മനം

*

പോലീസായാലും
വാദ്ധ്യാരായാലും
തല്ലാത്തതാണെൻ മനം

*

നരച്ചവരെ
മുടികൊഴിഞ്ഞവരെ
നിങ്ങളുടെ മനം
നരയ്ക്കാതിരുന്നാൽ മതി
നിങ്ങൾ കൊഴിയാതിരിക്കാൻ

*

അയൽശണ്ഠമാറാൻ
സ്ഥിരം മുള്ളുവേലി

*

യോഗങ്ങൾ പലതും
ഇന്നു യാഗങ്ങൾ

*

ലോണെടുത്തും
ഓണമുണ്ണണം

*

വാക്കും വാചകവും
മനസ്സിന്റെ നിറം

*

നീ യാഥാർത്ഥ്യമല്ല
നീ മാറിക്കൊണ്ടെയിരിക്കുന്നു.

*

എനിക്ക് നിന്റെ
മുൻകാല ജീവിതമറിണ്ട
പിൻകാല ജീവിതമറിണ്ട
ഇപ്പോൾ നീയാരാണന്ന്
മാത്രമറിഞ്ഞാൽമതി
നീ ഇപ്പോൾ മാത്രമാണ്
ജീവിക്കുന്നത്.

*

മനസ്സും
ശരീരവും
രണ്ടായി

തോന്നുമെങ്കിലും
രണ്ടും ഒന്നാണ്
പൂവിലെ ഗന്ധം
പോലെയും
നിലക്കണ്ണാടിയിലെ
പ്രതിബിംബിംപോലെയും

*

മനുഷ്യമനസ്സിൽ ഇരുണ്ട ഗർത്തം
മതമൗലികവാദം.
മനുഷ്യമനസ്സിൽ അന്ധകാരച്ചുഴി
മതതീവ്രവാദം.

*

ജനനം
വാർദ്ധക്യത്തിലേക്ക്
വളരുന്നു
വാർദ്ധക്യം
മരണത്തിലേക്ക്
വളരുന്നു.

*

ചുവപ്പ് ഒന്നേയുള്ളൂ
എന്നാൽ
ചുവപ്പിന് നൂറുനിറം
പൊതുജനം
ചുമക്കുന്നു.
*

ആശകൾ മരിക്കും
ആശയം ജീവിക്കും

*

സ്നേഹോർജം
അധികം
പ്രേമോർജ്ജം
സമം
കാമോർജം
പ്രേമം
സ്വാർത്ഥതയിൽ
ജനിക്കുന്നു.

*

മനമറിഞ്ഞവൻ
മഹാശക്തൻ

*

അവൾ വിത്തു വാങ്ങാൻവേണ്ടി
വന്നതാണ്
അതാണ് ഗർഭപാത്രം കൊണ്ടുവന്നത്.

*

ഒരു ബന്ധവും ശാശ്വതമല്ല
എല്ലാം ബന്ധങ്ങളും താൽക്കാലികം മാത്രം
ബന്ധപ്പെടുമ്പോൾ മാത്രം
ബന്ധം യാഥാർത്ഥ്യം

നല്ല ബന്ധങ്ങളിൽ നിന്നും
ആനന്ദവും
നല്ലതല്ലാത്ത ബന്ധങ്ങളിൽ നിന്നും
ദുഃഖവും ലഭിക്കുന്നു.

*

തലമുറകൾ മറിഞ്ഞുപോയി
ഞാനറിയാതെ നിന്നുപോയി.

*

ആരും പറഞ്ഞാലും
കേൾക്കാത്തതാണെൻ മനം

*

നീയും ഞാനും
നിങ്ങളും നമ്മളും
ഭാരതീയർ

*

നിനക്ക് കോപം
വരുന്നെങ്കിൽ
മനസ്സിന് രോഗ
മുണ്ടെന്നർത്ഥം.

## കടംകഥക്കവിതകൾ

1. രാത്രിപൊന്നണിഞ്ഞ പെണ്ണ്
പകൽ പൊന്നഴിച്ച പെണ്ണ്

2. നാവില്ലെങ്കിലും പാടും പെണ്ണ്
നാടുമുഴുവനും പാടും പെണ്ണ്

3. മഴയത്ത് വിരിയും പൂവ്
മഴതോരുമ്പോൾ കൊഴിയും പൂവ്

4. കണ്ണിന് മുമ്പിൽ കണ്ണ്
കാണാൻ നല്ലൊരു കണ്ണ്

5. നാല് കാലിൽ
ഓടുന്ന നാട്ടുകാരൻ

6. അക്കര ജനനം
ഇക്കരം മരണം

7. രാവും പകലും ചിരിക്കും പക്ഷി
ചില നേരങ്ങളിൽ കരയും പക്ഷി

8. നില്ക്കുമ്പോൾ മൂന്നു കാല്
ഓടുമ്പോൾ കാലില്ല
നിൽക്കുമ്പോഴും

ഓടുംമ്പോഴും
കാലുകൾ തറയിലുമില്ല

9. കയ്യിൽ മണിയുണ്ട്
കാലിൽ ചങ്ങലയുണ്ട്
ചവിട്ടിയിൽ എഴുന്നോറ്റോടും
ചാവിട്ടാതിരുന്നാൽ ചത്തു കിടക്കും

10. മുകളിൽ തൊട്ടാൽ സൂര്യനുദിക്കും
താഴെ തൊട്ടാല സൂര്യനണയും

11. കൈകാട്ടുമ്പോൾ നിൽക്കണം
ഓടിത്തുടങ്ങിയാൽ നിർത്തരുത്

12. തലയിൽ ചോരനിറമുള്ള
അരിവാൾ ചൂടിയ കമ്മ്യൂണിസ്റ്റുകാരൻ

13. ആയിരമായിരം പൂക്കൾ വിരിയുന്ന
ആരാമത്തിന്റെ പേരെന്ത്

14. പകലിന് കാവൽ നിൽക്കും
പഴമക്കാരന്റെ പേരെന്ത്

15. തലയിൽ തീയും
വാലിൽ പുകയുമുണ്ട്
വിഷസർപ്പം ഏത്?

16. എല്ലാവരെയും ചുമ്മിനടക്കും
എല്ലൻ കഴുതയുടെ പേരെന്ത്

17 കൂട്ടിനുള്ളിൽ മൂന്നു പേർ
ഒത്തൊരുമിച്ചോടുന്നു

18. ഭൂലോകം കാണുന്ന ചക്കരകണ്ണാടി

19. ഇരുട്ടിനെ പകലാക്കുന്ന നാടൻ സുന്ദരി

20. കുപ്പിക്കുള്ളിൽ കുപ്പി ചോരവരുന്നൊരു കുപ്പി

21. നാലുകാലുള്ളൊരു നാരായണൻ

*** ഉത്തരം**

1. ആകാശം
2. റേഡിയോ
3. കുട
4. കണ്ണട
5. ബസ്, കാർ
6. സൂര്യൻ
7. ടൈംപീസ്
8. ഫാൻ (സീലിംഗ്)
9. സൈക്കിൾ
10. വൈദ്യുത വിളക്കിന്റെ സ്വിച്ച്
11. ബസ്
12. പൂവൻകോഴി
13. നക്ഷത്രങ്ങൾ തെളിഞ്ഞ ആകാശം
14. സൂര്യൻ
15. ബീഡി, സിഗരറ്റ് പുകവലിക്കുമ്പോൾ
16. ചെരുപ്പ്
17. വാച്ചിലെ മണിക്കൂർ മിനിറ്റ്, സെക്കന്റ് സൂചികൾ
18. ടെലിവിഷൻ
19. വൈദ്യുത വിളക്കുകൾ
20. ചുവന്ന മഷിയുള്ള ഡോട്ട്പെൻ
21. കസേര, മേശ



# മതേതര കവിതകൾ

ശ്രീനിപട്ടത്താനം

മതേതര
കവിതകളുടെ
മഹാസംഗമം.
മനുഷ്യ
നൊമ്പരങ്ങളുടെ
സമുദ്ര വിലാപം.
ഈ സമാഹാരത്തിൽ....

കവിതകൾ

RWP
Rational Writers Publications
Kollam-691021

വില - 150/-

# മതേതര കവിതകൾ

ശ്രീനിപട്ടത്താനം

RWP

Indic Digital Archive Foundation
gpura.org